**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം . 0471-2305393
തീയതി 26.11.2025

# 2025 ലെ ട്രാപ്പ് കേസുകളിൽ വിജിലൻസിന്റെ "ഹാഫ് സെഞ്ച്വറി": ക്ഷേത്രത്തിൽ നടത്തിയ പൂജാകർമ്മങ്ങൾക്ക് കൈക്കൂലി വാങ്ങിയ ദേവസ്വം ബോർഡ് സബ്-ഗ്രൂപ്പ് ഓഫീസറെ വിജിലൻസ് കൈയ്യോടെ പിടികൂടി

ആലപ്പുഴ മാന്നാർ കുട്ടംപേരൂർ കുന്നത്തൂർ ശ്രീ. ദുർഗാ ദേവി ക്ഷേത്രത്തിലെ റിസീവറും ദേവസ്വം ബോർഡിന് കീഴിലുള്ള തൃക്കുരട്ടി മഹാദേവ ക്ഷേത്രം സബ് -ഗ്രൂപ്പ് ഓഫീസറും ചെങ്ങന്നൂർ പാണ്ടനാട് സ്വദേശിയുമായ ശ്രീനിവാസനെ, കുന്നത്തൂർ ശ്രീ. ദുർഗാദേവി ക്ഷേത്രത്തിൽ പരാതിക്കാരൻ നടത്തിയ പൂജകൾക്ക് കൈക്കൂലിയായി 5,000/- രൂപ വാങ്ങവെ വിജിലൻസ് ഇന്ന് (26.11.2025) കയ്യോടെ പിടികൂടി.

ദേവസ്വം ബോർഡിന് കീഴിലുള്ള മാന്നാർ തൃക്കുരട്ടി മഹാദേവ ക്ഷേത്രത്തിലെ സബ് -ഗ്രൂപ്പ് ഓഫീസറായ ശ്രീനിവാസൻ റിസീവർ ചുമതല വഹിക്കുന്ന കുട്ടംപേരൂർ കുന്നത്തൂർ ശ്രീ. ദുർഗാ ദേവി ക്ഷേത്രത്തിൽ മാന്നാർ സ്വദേശിയായ പരാതിക്കാരൻ വിവിധ പൂജകൾക്ക് ബുക്ക് ചെയ്യുന്നതിനായി ശ്രീനിവാസനെ ഫോണിൽ ബന്ധപ്പെട്ടിരുന്നു. പൂജക്കായി ചിലവാകുന്ന തുകയും ദക്ഷിണയുടെ ചിലവും വഹിക്കണമെന്ന് ശ്രീനിവാസൻ പരാതിക്കാരനോട് ആവശ്യപ്പെടുകയും, പൂജകൾ നടത്തുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് പൂജകൾക്കായി ക്ഷേത്രത്തിൽ ഫീസിനത്തിൽ 480/- രൂപ അടക്കുകയും, 15.11.2025 തീയതി പൂജകൾ നടത്തുകയും ചെയ്തു. പൂജകൾക്കായി പരാതിക്കാരൻ 30,000/- രൂപ ക്ഷേത്രത്തിൽ ചിലവാക്കിയിരുന്നു. തുടർന്ന് 17.11.2025 തീയതി ശ്രീനിവാസൻ പരാതിക്കാരനെ ഫോണിൽ ബന്ധപ്പെട്ട് പൂജകൾ നടത്തിയതിനുള്ള സൗകര്യം ചെയ്തുകൊടുത്തിന് പ്രതിഫലമായി 5,000/- രൂപ കൈക്കൂലി വേണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഇതിൽ പ്രതികരിക്കാതിരുന്ന പരാതിക്കാരനെ ശ്രീനിവാസൻ 22.11.2025 ന് വീണ്ടും ഫോണിൽ ബന്ധപ്പെട്ട് 5,000/- രൂപ നൽകിയേ മതിയാവൂ എന്നും, ഈ തുക തന്റെ ഗൂഗിൾ പേ അക്കൗണ്ടിലേക്ക് അയച്ച് നൽകണമെന്നും പറഞ്ഞു. എന്നാൽ കൈക്കൂലി നൽകാൻ താത്പര്യമില്ലാത്ത പരാതിക്കാരൻ ഈ വിവരം ആലപ്പുഴ

വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (26.11.2025) ഉച്ചക്ക് 12.40 മണിക്ക് മാന്നാർ ഉള്ള ശ്രീ. സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന്റെ മുന്നിൽ വച്ച് പരാതിക്കാരനിൽ നിന്നും 5,000/-രൂപ കൈക്കൂലി വാങ്ങവെ മാന്നാർ കുട്ടംപേരൂർ കുന്നത്തൂർ ദുർഗ ദേവി ക്ഷേത്രത്തിലെ റിസീവറും, ദേവസ്വം ബോർഡിന് കീഴിലുള്ള തൃക്കുരട്ടി മഹാദേവ ക്ഷേത്രം സബ് -ഗ്രൂപ്പ് ഓഫീസറുമായ ശ്രീനിവാസനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

കൈക്കൂലി വാങ്ങുന്നതിനിടയിൽ വിജിലൻസ് കൈയ്യോടെ പിടികൂടുന്ന ഈ വർഷത്തെ അമ്പതാമത്തെ ട്രാപ്പ് കേസാണ് ഇന്ന് രജിസ്റ്റർ ചെയ്തത്. 50 കേസുകളിൽ നിന്നായി ഉദ്യോഗസ്ഥരും ഇടനിലക്കാരും ഉൾപ്പെടെ 68 പ്രതികളെയാണ് വിജിലൻസ് ഈ വർഷം അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. ഇതിൽ 17 കേസുകളുള്ള റവന്യൂ വകുപ്പും, 10 കേസുകൾ ഉള്ള തദ്ദേശസ്വയംഭരണ വകുപ്പും 6 കേസുകൾ ഉള്ള പോലീസ് വകുപ്പുമാണ് മുന്നിലുള്ളത്. വിദ്യാഭ്യാസ വകുപ്പിലും, കെ. എസ്. ഇ. ബി യിലും 3 വീതം കേസുകളും മറ്റ് വിവിധ വകുപ്പുകളിലായി 11 കേസുകളുമാണ് 2025 ൽ വിജിലൻസ് പിടിച്ചിട്ടുള്ളത്.

സർക്കാർ ഉദ്യോഗസ്ഥർ സേവനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും കൈക്കൂലി വാങ്ങുന്ന പ്രവണണത തുടരുന്നത് വിജിലൻസ് ഗൗരവത്തോടെ കാണുന്നുവെന്നും, കൈക്കൂലിക്കാരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥരുടെ വിശദമായ ഒരു പട്ടിക വിജിലൻസ് തയ്യാറാക്കിയിട്ടുണ്ടെന്നും, ഈ ഉദ്യോഗസ്ഥർ വിജിലൻസിന്റെ നിരന്തര നിരിക്ഷണത്തിലാണെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.